പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2415** 19.07.2016-ലെ മറുപടിക്ക്

**കെ എസ് ആർ ടി സിയിലെ കമ്പ്യൂട്ടർവത്കരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.ശിവകുമാർ<br>" അനിൽ അക്കര<br>" കെ.മുരളീധരൻ<br>" പി.ടി. തോമസ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ എസ് ആർ ടി സിയിൽ ആധുനിക വത്കരണത്തിനും കമ്പ്യൂട്ടർ വത്കരണത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ; | (എ) യും<br>(ബി) യും<br>(സി) യും | കമ്പ്യൂട്ടർ വത്ക്കരണത്തിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ് സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ജി.പി.എസ് സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം കെൽട്രോണുമായി ഒപ്പിട്ടു. 31.05.2016-ലെ കണക്കു പ്രകാരം 750 ബസുകളിൽ ഇതിനോടകം ജി.പി.എസ് ഉപകരണം ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും ഇതോടൊപ്പം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജീവനകാരുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി വരുന്നു. ജീവനക്കാരുടെ ശമ്പളവും, പെൻഷനും മറ്റാനുകൂല്യങ്ങളും |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം ജൂലൈ 2013 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സമാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനായി ഇ.ടി.എമ്മുമായി ബന്ധപ്പെടുത്തി ആർ.എഫ്.ഐ.ഡി കാർഡ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സിയുടെ എല്ലാ ബസുകളിലും ജി.പി.ആർ.എസ് സംവിധാനമുള്ള ഇ.ടി.എമ്മുകൾ നടപ്പിലാക്കി. കെ എസ് ആർ ടി സിയിൽ ബസുകളുടെ ശരാശരി പ്രായം 12 വർഷമാക്കുന്നതിനായി 2014-ൽ 1500 ഷാസികൾ ടെൻഡർ ക്ഷണിച്ച് പർച്ചേയ്സ് ഓർഡർ നല്കുകയും ഇതിൽ 1000 ബസുകൾ നിരത്തിലിറക്കുകയും ചെയ്തു. ശേഷിച്ച 500 ബസുകളിൽ 150 എണ്ണം സുഖകരമായ യാത്ര പ്രദാനം ചെയ്യുന്ന എയർ സസ്പെൻഷൻ ഷാസികളാണ്. ദീർഘദൂരയാത്രക്കായി 2014-ൽ 10 വോൾവോ മൾട്ടി ആക്സിൽ എ.സി ബസുകൾ വാങ്ങി ബാംഗ്ലൂർ നഗരത്തിലേക്ക് സർവീസ് ആരംഭിച്ചു. 2016-ൽ 18 സ്കാനിയ മൾട്ടി ആക്സിൽ ബസുകൾ വാങ്ങി ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം, മണിപ്പാൽ മൂകാംബിക, കോയമ്പത്തൂർ, കണ്ണൂർ എന്നിവിടങ്ങളിലേക്ക് സർവീസ് നടത്തിവരുന്നു. കൂടാതെ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതു വഴി കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സിയുടെ രണ്ടു മൾട്ടി ആക്സിൽ വോൾവോ ബസുകളിൽ വൈഫൈ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ